പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 7199 — 03.11.2011-ൽ മറുപടിയ്ക്ക്

# ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. അജിത് | ശ്രീ.കെ.സി. ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരിക കാര്യവും വകുപ്പ് മന്ത്രി) |

എ. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി കേരളത്തിൽ ആരംഭിച്ചതിനുശേഷം ഇതുവരെ ഓരോ വർഷവും ചെലവഴിച്ച തുക എത്ര വീതമെന്നു വ്യക്തമാക്കാമോ ;

എ. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി കേരളത്തിൽ ആരംഭിച്ചതിന് ശേഷം ഇതുവരെ ഓരോ വർഷവും ചെലവഴിച്ച തുക ചുവടെ ചേർക്കുന്നു.

| വർഷം | ചെലവഴിച്ച തുക (രൂപ ലക്ഷത്തിൽ) |
|---|---|
| 2006-07 | 2789.73 |
| 2007-08 | 8336.83 |
| 2008-09 | 22011.69 |
| 2009-10 | 47068.11 |
| 2010-11 | 70182.24 * |
| 2011-12 (28-10-11 വരെ) | 31647.60 |

* (28-10-11 വരെ പദ്ധതിയുടെ വെബ് അധിഷ്ഠിത മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റത്തിലെ സ്ഥിതിവിവരകണക്കനുസരിച്ച് )

ബി. പ്രസ്തുത പദ്ധതി നിലവിൽ വന്നതിനുശേഷം സംസ്ഥാനത്തെ ഏതെങ്കിലും മേഖലയ്ക്ക് പ്രത്യേകമായൊരു നേട്ടമുണ്ടായതായി ബോദ്ധ്യപ്പെട്ടിട്ടുണ്ടോ ;

ബി. ഉണ്ട്. സംസ്ഥാനത്തിന്റെ കാർഷിക മേഖലയിൽ ഗണ്യമായൊരു സ്വാധീനമുണ്ടാക്കാൻ തൊഴിലുറപ്പ് പദ്ധതി പ്രയോജനപ്പെട്ടിട്ടുണ്ട്. ജലസേചന സംവിധാനങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി തോടുകൾ, കുളങ്ങൾ, കനാലുകൾ എന്നിവ ചെളി നീക്കി ആഴം കൂട്ടി അവയുടെ ജലസംഭരണ ശേഷി വർദ്ധിപ്പിച്ചിട്ടുണ്ട്. മഴവെള്ള സംഭരണത്തിനുള്ള സംവിധാനങ്ങൾ, വരൾച്ച തടയുന്നതിനാവശ്യമായ വനവൽക്കരണ പരിപാടികൾ തുടങ്ങിയവ നടപ്പിലാക്കിയിട്ടുണ്ട്. പട്ടികജാതി/പട്ടികവർഗ്ഗ കുടുംബങ്ങൾ, ബി.പി.എൽ. കുടുംബങ്ങൾ, ഐ.എ.വൈ. ഗുണഭോക്താക്കൾ, ഭൂപരിഷ്കരണം വഴി ഭൂമി ലഭിച്ചവർ എന്നിവരുടെ ഭൂമിയിലും നീർത്തടാധിഷ്ഠിത പ്ലാനിന്റെ ഭാഗമായി ചെറുകിട/നാമമാത്ര കർഷകരുടെ കൃഷിഭൂമിയിലും ഭൂവികസന പ്രവർത്തനം, ഹോർട്ടികൾച്ചർ, തോട്ടവിളകൃഷി എന്നിവ തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി ഏറ്റെടുത്തി

| | | | |
|---|---|---|---|
| | | | ട്ടുണ്ട്. ഈ പ്രവർത്തനങ്ങൾ ഭക്ഷ്യോൽപ്പ[illegible] ഡനവിന് കാരണമായിട്ടുണ്ട്. കൂടാതെ കയർ ഭൂവ സ്ത്രം ഉപയോഗിച്ചുള്ള മണ്ണ് സംരക്ഷണ പ്രവർത്തനങ്ങളും വ്യാപകമായി ഏറ്റെടുത്തിട്ടുണ്ട്. |
| സി. | ഏതു മേഖലയിലാണ് ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം കൂടുതൽ പ്രവർത്തനം നടന്നതെന്ന് ഗവൺമെന്റ് പരിശോധിച്ചിട്ടുണ്ടോ ; | സി. | മണ്ണ്, ജലസംരക്ഷണ പ്രവർത്തനങ്ങൾ, ഭൂവികസനം എന്നീ മേഖലകളിലാണ് കൂടുതൽ പ്രവർത്തനം നടന്നിട്ടുള്ളത്. |
| ഡി. | ക്ഷീര കർഷകരെ ഉൾപ്പെടുത്തി പ്രസ്തുത പദ്ധതിയുടെ കീഴിൽ തൊഴിൽ ദിനങ്ങൾ നൽകുമെന്ന ഗവൺമെന്റ് പ്രഖ്യാപനം നടപ്പാക്കിയിട്ടുണ്ടോ ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ ; | ഡി. | നടപടി സ്വീകരിച്ചു വരുന്നു, |
| ഇ. | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽപ്പെടുത്താവുന്ന മറ്റു തൊഴിൽ മേഖലകൾ കണ്ടെത്താൻ ശ്രമിക്കുമോ ; അതുമായി ബന്ധപ്പെട്ട് ആവശ്യമായ നിർദ്ദേശങ്ങൾ സമർപ്പിക്കുമോ ? | ഇ. | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിലെ പട്ടിക 1-ൽ പദ്ധതിയിൽ ഏറ്റെടുക്കാവുന്ന പ്രവൃത്തികൾ ഏതെല്ലാമാണെന്ന് അനുശാസിച്ചിട്ടുണ്ട്. ഇതിൽ ഭേദഗതി വരുത്തുന്നത് സംബന്ധിച്ച് സംസ്ഥാന സർക്കാരുമായി കൂടിയാലോചിച്ച് നടപടികൾ സ്വീകരിക്കേണ്ടത് കേന്ദ്രസർക്കാരാണ്. ഈ സാഹചര്യത്തിൽ, കൂടുതൽ മേഖലകളിലെ പ്രവൃത്തികൾ കൂടി തൊഴിലുറപ്പ് പദ്ധതിയുടെ അനുവദനീയമായ പ്രവൃത്തികളുടെ പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് സംസ്ഥാന തൊഴിലുറപ്പ് കൗൺസിൽ സംസ്ഥാന സർക്കാർ മുഖേന കേന്ദ്രഗവൺമെന്റിന് നിവേദനം സമർപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.